# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സർക്കാർ)

തൈയ്ക്കാട്, തിരുവനന്തപുരം-14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: കെ. ബിജു. ഐ.എ.എസ്)**

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പാൾ ക്ലാസ് - 2 തസ്തികയിലെ ഉദ്യോഗസ്ഥന് ഡെപ്യൂട്ടേഷനിൽ തുടരുന്നതും തസ്തിക നികത്തി ഉദ്യോഗക്കയറ്റം നൽകിയും ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഗവ. സെക്രട്ടറിയുടെ 17.4.2012 ലെ 6804/സി1/2012/ തൊഴിൽ നമ്പർ കത്ത്.
2. ട്രെയിനിംഗ് ഡയറക്ടറുടെ 20.4.2012 ലെ എ6/22493/11-ാം നമ്പർ ഉത്തരവ്
3. ബഹു: കേരള നിയമസഭ സെക്രട്ടറിയുടെ 21.4.2012 ലെ 15099/എ.ഡി.എഫ്1/ 2011/ ലെജി നമ്പർ കത്ത്

**ഉത്തരവ് നമ്പർ : എ6/22493/2011 തീയതി 24/4/2012**

ഈ വകുപ്പിൽ 2012 ൽ ഉണ്ടായിരുന്ന പ്രിൻസിപ്പാൾ ക്ലാസ് –II / വൈസ് പ്രിൻസിപ്പാൾ / ട്രെയിനിംഗ് ആഫീസർ തസ്തികയിൽ ഉണ്ടായിരുന്ന തുറന്ന 19 ഒഴിവുകളിലേക്ക് പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ നിന്നും പരാമർശം (2) പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ / ജൂനിയർ അപ്രന്റിഷിപ്പ് അഡ്വൈസർ (ടെക്) തസ്തികകളിൽ നിന്നും ഉദ്യോഗക്കയറ്റം നൽകി പ്രിൻസിപ്പാൾ ക്ലാസ് –II / വൈസ് പ്രിൻസിപ്പാൾ / ട്രെയിനിംഗ് ആഫീസർ ആയി നിയമനം നൽകിയിരുന്നു.

പരാമർശം (2) ഉത്തരവിലെ ക്രമ നമ്പർ (10) ശ്രീ. കെ. മൊയ്തീൻകുട്ടിയുടെ ഡെപ്യൂട്ടേഷൻ തുടരുന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറി സൂചന (3) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം(2)ൽ ശ്രീ. കെ. മൊയ്തീൻ കുട്ടിയെ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ഐ.ടി.ഐ മാടായിൽ പ്രിൻസിപ്പാൾ ക്ലാസ് - II ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. പരാമർശം (1) പ്രകാരം ഉള്ള സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ (20) ശ്രീ. കെ. ചന്ദ്രമോഹൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ ഐ.ടി.ഐ (വ) കൊല്ലത്തിനെ (സീനിയോറിട്ടി നമ്പർ 551) കെ.എസ് & എസ്.എസ്.ആർ ചട്ടത്തിലെ റൂൾ 28 (ബി) (1) പ്രകാരം തസ്തികമാറ്റം മുഖേന 12930 - 20250 (പേ റിവിഷന് മുമ്പേ) രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ആയത് പ്രകാരം ചുവടെ ചേർക്കും വിധം ഉദ്യോഗക്കയറ്റവും, സ്ഥാനക്കയറ്റവും നൽകി ജീവനക്കാരെ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | നിലവിൽ സേവനം ചെയ്യുന്ന സ്ഥാപനം | ഉദ്യോഗക്കയറ്റം / സ്ഥലമാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീ. എ. രാമകൃഷ്ണൻ<br>പ്രിൻസിപ്പാൾ ക്ളാസ് - II | ഐ.ടി.ഐ കൊയിലാണ്ടി | ഐ.ടി.ഐ മാടായി | സ്ഥലമാറ്റം |
| 2. | ശ്രീ. എം. ശങ്കരൻ<br>പ്രിൻസിപ്പാൾ ക്ളാസ് - II | ഐ.ടി.ഐ വളയം | ഐ.ടി.ഐ കൊയിലാണ്ടി | സ്ഥലമാറ്റം |
| 3. | ശ്രീ. കെ.എസ് രാമചന്ദ്രൻ<br>പ്രിൻസിപ്പാൾ ക്ളാസ് - II | ഐ.ടി.ഐ ചെറിയമുണ്ടം | ഐ.ടി.ഐ വളയം | സ്ഥലമാറ്റം |
| 4. | ശ്രീമതി. എം.വി. ബേബി<br>പ്രിൻസിപ്പാൾ ക്ളാസ് - II | ഐ.ടി.ഐ മടിക്കൈ | ഐ.ടി.ഐ ചെറിയമുണ്ടം | സ്ഥലമാറ്റം |
| 5. | ശ്രീ. കെ. ചന്ദ്രമോഹൻ<br>ഗ്രൂപ്പ് ഇൻസ്ട്രക്ടർ | ഐ.ടി.ഐ (വ) കൊല്ലം | ഐ.ടി.ഐ മടിക്കൈ | ഉദ്യോഗക്കയറ്റം |

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന് നിയമാനുസരണമുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനെ സ്ഥാപന മേധാവി ഉടൻ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ഉത്തരവിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

സ്ഥലമാറ്റപ്പെട്ട / ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ ചാർജ്ജ് കൈമാറ്റം നടത്തി റിപ്പോർട്ടുകൾ (ആർ.ടി.സി) യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ് . ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരൻ 25-03-2006 ലെ സർക്കാർ ഉത്തരവ് നമ്പർ 145/2006 പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ്.

(ഒപ്പ്)

**ട്രെയിനിംഗ് ഡയറക്ടർ**

**സ്വീകർത്താവ് :**

ടി ഉദ്യോഗസ്ഥർക്ക്

**പകർപ്പ്**

(1) ഗവൺമെന്റ് സെക്രട്ടറി തൊഴിൽ വകുപ്പ്
(2) ബഹു: തൊഴിൽ മന്ത്രിയുടെ പി.എ
(3) അക്കൗണ്ടന്റ് ജനറൽ ( എ & ഇ)
(4) വകുപ്പിലെ എല്ലാ സ്ഥാപന മേധാവികൾക്കും
(5) സി.എ മാർ-(ഡിറ്റി/എഡിറ്റി/ജെ.ഡി)
(6) വകുപ്പ് വെബ്സൈറ്റ്
(7) എസ്.എസ് (എ)
(8) സ്റ്റോക്ക് ഫയൽ എ6 സെക്ഷൻ

// അംഗീകാരത്തോടെ//

**ജോയിന്റ് ഡയറക്ടർ**